പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3079. — 28.01.2014 ൽ മറുപടിക്ക്

<u>ന്യായവില ഹോട്ടൽ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പൊതുവിപണിയിൽ സാധനങ്ങൾക്കും ഗ്യാസ് സിലിണ്ടറുകൾക്കും അടിക്കടിയുണ്ടാകുന്ന വിലക്കയറ്റംമൂലം ഹോട്ടലുകളിൽ ലഭിക്കുന്ന ഭക്ഷണസാധനങ്ങൾക്ക് ക്രമാതീതമായ വിലവർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്; |
| (ബി) ഹോട്ടൽ ഭക്ഷണത്തെ ആശ്രയിച്ചു ജീവിക്കുന്ന സാധാരണക്കാർക്കും സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ളവർക്കും വിലവർദ്ധനവുമൂലം വൻ സാമ്പത്തിക ചെലവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്; |
| (സി) എങ്കിൽ ഹോട്ടൽ ഭക്ഷണം കഴിക്കുന്നവർക്ക് ന്യായവിലയിൽ ഭക്ഷണം ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് തടയുവാനായി ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വില നിലവാരപ്പട്ടിക പ്രദർശിപ്പിക്കുന്നത് 1977 ലെ കേരള ഫുഡ്സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർപ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. |

കൂടാതെ ഹോട്ടലുകളിലെ നിലവാരവും സൗകര്യവും അനുസരിച്ച് ഹോട്ടലുകളെ തരംതിരിച്ച് ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനുമായി ഒരു നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ഒരു താലൂക്ക് കേന്ദ്രത്തിൽ കുറഞ്ഞത് ഒന്ന് എന്ന തരത്തിൽ സബ്സിഡിയോടുകൂടി ന്യായവിലഹോട്ടൽ നടത്തുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇത്തരം സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ളത്; ഇവയുടെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) ഈ പദ്ധതി അടിയന്തരമായി നടപ്പാക്കാനും താലൂക്കുകളിൽ ഒന്ന് എന്നതിനുപകരം ഓരോ പഞ്ചായത്തിലും കുറഞ്ഞത് ഒന്ന് എന്ന തരത്തിൽ ആവശ്യമായ എല്ലാ സ്ഥലങ്ങളിലും ഇത്തരം ഹോട്ടലുകൾ ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി)
(ഇ) ഇല്ല; 2013-2014 ലെ ബജറ്റ് പ്രഖ്യാപനം അനുസരിച്ച് കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ മഹിളാസംഘടനകൾ മുഖാന്തിരം തൃപ്തി ഹോട്ടലുകൾ ആരംഭിച്ചാൽ സപ്ലൈകോയിൽ നിന്നും സബ്സിഡി നിരക്കിൽ ടി ഹോട്ടലുകൾക്ക് അവശ്യസാധനങ്ങൾ നല്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ഈ വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ